29 APR 2017

13791

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് ആട്ടോ ഇലക്ട്രീഷ്യൻ & ഇലക്ട്രോണിക്സ്) തസ്തികയിലെ നിയമന യോഗ്യത പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

G.O.(Ms)No. 31/2017/LBR തിരുവനന്തപുരം,തീയതി, 27/04/2017

---

പരാമർശം:- 1. ശ്രീ. സെബു മാത്യുവിന്റെ 09.01.2017-ലെ നിവേദനം.
2. 09.01.2017-ലെ DGE& T-02/03/2014 CD-Pt.നമ്പർ കത്ത്.
3. ട്രെയിനിംഗ് ഡയറക്ടറുടെ 22.02.2017-ലെ എഫ്2/5390/2017നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൽ മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എന്ന ട്രേഡിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയുടെ യോഗ്യതയിൽ ഇലക്ട്രോണിക്സിലുള്ള ഡിപ്ലോമ /ബിരുദം ഉൾപ്പെടുത്തണമെന്ന് പരാമർശം 1 ലെ നിവേദനം മുഖേന ശ്രീ. സെബു മാത്യു അഭ്യർത്ഥിക്കുകയുണ്ടായി.

2) വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനത്തിനായി നിലവിലുള്ള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമന യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.

I. SSLC or Equivalent Qualification.

II. (a) National Trade Certificate in the appropriate trade with 3 years experience in the trade after obtaining Certificate.

Or

(b) National Apprenticeship Certificate in the appropriate trade with one year experience after obtaining the Certificate.

Or

(c) Diploma in the appropriate Branch of Engineering from Government or Government recognized Polytechnic or its equivalent qualification.

3) ടി യോഗ്യതകളിൽ പരാമർശിക്കുന്ന ''appropriate trade or appropriate branch'' എന്നിവ നിശ്ചയിക്കുന്നത് ഓരോ ട്രേഡിലേയും ഇൻസ്ട്രക്ടർ നിയമന യോഗ്യതയായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നിശ്ചയിച്ചിട്ടുള്ള അക്കാദമിക് യോഗ്യതകളാണ്. ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് ആട്ടോ ഇലക്ട്രീഷ്യൻ & ഇലക്ട്രോണിക്സ്) തസ്തികയിൽ നിയമനത്തിനായി താഴെപ്പറയുന്ന എഞ്ചിനീയറിംഗ് ഡിപ്ലോമ/ഡിഗ്രി പരിഗണിക്കാവുന്നതാണ് എന്ന് പരാമർശം 2-ലെ കത്ത് പ്രകാരം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അറിയിച്ചിട്ടുണ്ട്.

- Automobile Engineering with valid LMV Driving License
- Mechanical Engineering with valid LMV Driving License

- Electrical Engineering with valid LMV Driving License
- Electronic & Communication Engineering with valid LMV Driving License.

4. മേൽ പറഞ്ഞ യോഗ്യതകൾക്കൊപ്പം ബിരുദധാരികൾക്ക് ഒരു വർഷത്തെയും ഡിപ്ലോമ യോഗ്യതയുള്ളവർക്ക് രണ്ട് വർഷത്തെയും പ്രവൃത്തി പരിചയം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും നിലവിലെ സ്പെഷ്യൽ റൂളിൽ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് പ്രവൃത്തി പരിചയം നിഷ്കർഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഡിഗ്രി/ഡിപ്ലോമ യോഗ്യതയുള്ളവർക്ക് പ്രവൃത്തി പരിചയം പരിഗണിക്കേണ്ടതില്ല എന്ന് പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3-ലെ ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് ആട്ടോ ഇലക്ട്രീഷ്യൻ & ഇലക്ട്രോണിക്സ്) തസ്തികയിൽ നിയമനത്തിനായി താഴെ പറയുന്ന എഞ്ചിനീയറിംഗ് ബ്രാഞ്ചുകളിൽ ഡിഗ്രിയോ ഡിപ്ലോമയോ ഉള്ളവരെ കൂടി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- Automobile Engineering with valid LMV Driving License
- Mechanical Engineering with valid LMV Driving License
- Electrical Engineering with valid LMV Driving License
- Electronic & Communication Engineering with valid LMV Driving License.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

R THARA DEVI

JOINT SECRETARY

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. സെബു മാത്യു കോട്ടൂർ വീട്, കലയന്താനി.പി.ഒ., തൊടുപുഴ - 685588

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ